No.1/19/SRG/CC/LSGD(1)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019-ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 2.30-മണിക്ക് നിയമസഭാ മന്ദിരത്തിലെ 610-ാം നമ്പർ ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1. പദ്ധതി അവലോകനം

### (i) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

31.03.2019 വരെയുള്ള ആകെ പദ്ധതി ചെലവ് 84.74ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 92.98ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കണ്ണൂർ ജില്ലയിലും (88.99 ശതമാനം) ഏറ്റവും കുറവ് കോട്ടയം ജില്ലയിലുമാണ് (81.7 ശതമാനം). 554.46 കോടി രൂപയുടെ 19300 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്(വികസന ഫണ്ട് മാത്രം). പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | യഥാർത്ഥ ചെലവ് | പെന്റിംഗ് ബിൽ ഉൾപ്പെടെയുള്ള ചെലവ് |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 88.56 % | 95.03 % |
| ബ്ലോക്ക് പഞ്ചായത്ത് | 89.35 % | 95.36 % |
| ജില്ലാ പഞ്ചായത്ത് | 80.64 % | 91.32 % |
| മുനിസിപ്പാലിറ്റി | 81.68% | 93.10 % |
| കോർപ്പറേഷൻ | 70.32 % | 85.69 % |
| **ആകെ** | **84.74 ശതമാനം** | **92.98 %** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | കണ്ണൂർ | 88.99 % |
| 2 | വയനാട് | 88.82 % |
| 3 | പാലക്കാട് | 87.02 % |
| 4 | കൊല്ലം | 86.16 % |
| 5 | പത്തനംതിട്ട | 85.62% |
| 6 | എറണാകുളം | 85.42% |
| 7 | ആലപ്പുഴ | 85.25 % |

| | | |
|---|---|---|
| 8 | കോഴിക്കോട് | 84.94 % |
| 9 | മലപ്പുറം | 83.89 % |
| 10 | തൃശ്ശൂർ | 83.48 % |
| 11 | ഇടുക്കി | 82.72 % |
| 12 | കാസർഗോഡ് | 82.61 % |
| 13 | തിരുവനന്തപുരം | 81.99% |
| 14 | കോട്ടയം | 81.7% |

പൊതു വിഭാഗം, SCSP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 87.97% | 82.04% | 78.15% |

## (ii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി പുരോഗതി -

20.06.2019 വരെയുള്ള ആകെ പദ്ധതി ചെലവ് 7.63 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 9.14 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കോഴിക്കോട് ജില്ലയിലും (9.63 ശതമാനം) ഏറ്റവും കുറവ് പാലക്കാട് ജില്ലയിലുമാണ് (4.89 ശതമാനം). 103.93 കോടി രൂപയുടെ 2982 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 6.12% |
| ബ്ലോക്ക് പഞ്ചായത്ത് | 6.08 % |
| ജില്ലാ പഞ്ചായത്ത് | 9.68 % |
| മുനിസിപ്പാലിറ്റി | 9.63 % |
| കോർപ്പറേഷൻ | 11.04 % |
| **ആകെ** | **7.63 ശതമാനം** |

### ജില്ല തിരിച്ചുള്ള ചെലവ് വിവരം

| | | |
|---|---|---|
| 1 | കോഴിക്കോട് | 10.24 % |
| 2 | കാസർഗോഡ് | 9.39 % |
| 3 | ഇടുക്കി | 9.04 % |
| 4 | മലപ്പുറം | 8.63 % |
| 5 | കോട്ടയം | 8.59% |
| 6 | എറണാകുളം | 8.07% |
| 7 | പത്തനംതിട്ട | 7.93 % |

| | | |
|---|---|---|
| 8 | തിരുവനന്തപുരം | 7.73 % |
| 9 | കണ്ണൂർ | 7.16 % |
| 10 | ആലപ്പുഴ | 7.14 % |
| 11 | കൊല്ലം | 6.51 % |
| 12 | വയനാട് | 6.32 % |
| 13 | തൃശ്ശൂർ | 6.15% |
| 14 | പാലക്കാട് | 5.35 % |

പൊതു വിഭാഗം, SCSP,TSP,CFC യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP | CFC |
|---|---|---|---|
| 7.72 % | 6.64 % | 5.92 % | 8.32 % |

ഇതിനകം 719 തദ്ദേശഭരണസ്ഥാപനങ്ങൾ 2019-20 ലെ പരിഷ്കരിച്ച പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. (ഗ്രാമപഞ്ചായത്തുകൾ 572, ബ്ലോക്ക് പഞ്ചായത്തു കൾ 108, മുനിസിപ്പാലിറ്റികൾ 36, ജില്ലാ പഞ്ചായത്ത് 2, കോർപ്പറേഷൻ 1) ശേഷിക്കുന്ന 481 തദ്ദേശഭരണസ്ഥാപനങ്ങൾ ജൂൺ 29-നകം പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനു വേണ്ട ഇടപെടൽ വകുപ്പ മേധാവികളും ജില്ലാ ആസൂത്രണ സമിതിയും നടത്തണം.

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 05.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക3.7**

ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നെറ്റ് കണക്ഷൻ നൽകുന്നതിന് CSR ഫണ്ട് ലഭിക്കുന്നതടക്കമുള്ളതിന്റെ സാധ്യത പരിശോധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

CSR ഫണ്ട് ഉപയോഗിച്ച് ടവർ നിർമ്മിക്കുന്നത് സംബന്ധിച്ച് വിവിധ കമ്പനികളുമായി ചർച്ച നടത്തിയെന്നും വോഡഫോൺ കമ്പനി ഫീസിബിലിറ്റി പഠനം നടത്തുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറുടെ പ്രതിനിധി 05.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ അറിയിച്ചിരുന്നു. കൂടാതെ 'എയർടെലി'ന്റെ നെറ്റ് കവറേജ് ഈ പ്രദേശങ്ങളിലു ണ്ടെന്നും ടവർ സ്ഥാപിച്ചു നൽകിയാൽ സൗജന്യമായി കണക്ഷൻ നൽകാൻ അവർ തയ്യാറാണെന്നും ഐ.കെ.എം ഡയറക്ടർ അറിയിച്ചിരുന്നു.

ഇതിന്റെ സാധ്യത പരിശോധിച്ച് ഇടുക്കി ജില്ലാ കളക്ടറുമായി ചേർന്ന് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറേയും ഐ.കെ.എം. ഡയറക്ടറേയും ചുമതലപ്പെടുത്തിയിരുന്നെങ്കിലും നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്ന് യോഗം വിലയിരുത്തി. ഇതിന്മേൽ അടിയന്തിരമായി നടപടി സ്വീകരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകണം.

**നടപടി :1) തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്**
**2)പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടർ**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

### 2.2 27.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.3**

ലൈഫ് പദ്ധതിപ്രകാരം വീട് വച്ചു നൽകുന്നതിന്റെ ഒന്നാം ഘട്ടം ഏതാണ്ട് പൂർത്തിയായി. ഭൂമിയുള്ള ഭവനരഹിതർക്ക് വീട് വച്ചു നൽകുന്ന രണ്ടാം ഘട്ടത്തിലാണ്

ഇപ്പോൾ. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഭൂമിയുള്ള ഭവന രഹിതർക്ക് വീട് വച്ചു നൽകുന്നതിന് മതിയായ തുക വകയിരുത്തിക്കഴിഞ്ഞും മിച്ചം തുകയുണ്ട്. ഇവർ ഭൂരഹിതരായവർക്ക് വീട്ടു വച്ചു നൽകുന്ന മൂന്നാം ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. വീടിന്റെ യൂണിറ്റ് നിരക്ക് ലൈഫ് മിഷൻ നിശ്ചയിച്ചിട്ടുണ്ടെങ്കിലും സ്ഥലം വാങ്ങുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. സ്വന്തമായി 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് രണ്ടു ലക്ഷം രൂപയായി നിരക്ക് നിശ്ചയിച്ച് സർക്കുലർ ആയിട്ടുണ്ടെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഈ നിരക്കു തന്നെ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കും പൊതു വിഭാഗത്തിനും ബാധകമാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു.

എന്നാൽ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും ഈ നിരക്കു തന്നെ മതിയോ എന്നു പരിശോധിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഈ നിരക്ക് തന്നെ മതിയോ എന്നും പരിശോധിക്കണം. ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

**ഖണ്ഡിക 4.5**

**കുരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത്**

**കോഴിക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019-ലെ കത്ത് (SRG 68/19 CC17/19)**

***പ്രോ.നം 170/19*** *അടങ്കൽ 7,27,704/-- രൂപ*
*(വികസനഫണ്ട് - 1,00,004/-*
*CFC - 6,27,700/- രൂപ)*

ഹരിത കർമ്മസേന മുഖേന മാലിന്യം ശേഖരിക്കുന്നതിനും കളക്ഷൻ യൂണിറ്റിൽ എത്തിക്കുന്നതിനും പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഹരിത കർമ്മ സേനയ്ക്ക് പിക് അപ് ഓട്ടോറിക്ഷ വാങ്ങുന്നതിന് അനുമതി നൽകാവുന്നതാണ് എന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**ഖണ്ഡിക 4.17**

**സ്റ്റോർ പർച്ചേസ് (ബി)വകുപ്പിന്റെ 04.10.2018-ലെ SPD - B3-52/2018 SPD നമ്പർ കുറിപ്പ് (LSGD DA1/502/LSGD)**

11.06.2018-ലെ 1581/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കെൽട്രോണിൽ നിന്ന് ശ്രവണ സഹായികൾ, എൽ.ഇ.ഡി. ലൈറ്റുകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകിയിരുന്നു. സ്റ്റോർ പർച്ചേസിന്റെ അനുമതി കൂടാതെ ഉത്തരവിറക്കിയത് പരിശോധിക്കണമെന്നും

ഭാവിയിൽ ഇത്തരം ഇളവുകൾ അനുവദിക്കുന്നതിന് മുമ്പ് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അനുവാദം വാങ്ങണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഭാവിയിൽ ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ വാങ്ങുവാൻ അനുമതി നൽകുമ്പോൾ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ കൂടി അനുമതി വാങ്ങേണ്ടതാണെന്ന് യോഗം തീരുമാനിച്ചു

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**ഖണ്ഡിക 4.23**

**പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.01.2019-ലെ കത്തും പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.12.2018-ലെ A4-6727/18-ാം നമ്പർ കത്തും**

*(SRG 126/19 CC 198/19)*

*പ്രോ.നം 63/19* *അടങ്കൽ 20,01,000/- രൂപ*
*( CFC - 20,00,000/- രൂപ*
*തനത് ഫണ്ട് -1000/- രൂപ )*

*പേര് - LED ഗ്രാമം*

ഈ വർഷം തെരുവുവിളക്ക് KEL മുഖേനയാണ് സ്ഥാപിച്ചത്. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്. ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം KEL അക്രഡിറ്റഡ് ഏജൻസിയല്ല. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് മാത്രമാണ്. PMC പ്രകാരം മാനദണ്ഡം പാലിച്ചാണോ നടപ്പാക്കിയതെന്ന് പരിശോധിച്ച് പഞ്ചായത്തു ഡയറക്ടർ റിപ്പോർട്ട് നൽകി.

**തീരുമാനം:-** 1) യോഗത്തിൽ പഞ്ചായത്തു ഡയറക്ടറുടെ കൂടി അഭിപ്രായ പ്രകാരം സാധൂകരണം നൽകാൻ തീരുമാനിച്ചു.

2) നടപടിക്രമം ലംഘിച്ച് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**ഖണ്ഡിക 4.27**

**വടകര ബ്ലോക്ക് പഞ്ചായത്ത്**

**ഗ്രാമവികസന കമ്മീഷണറുടെ DP4/160/19/CRD നമ്പർ കത്തും വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.10.2018-ലെ കത്തും (SRG 262/19)**

വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വയോജനങ്ങളുടെ ക്ഷേമത്തിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി 'മടിത്തട്ട്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്തിന്റേയും അഴിയൂർ, ഒഞ്ചിയം, ചോറോട്, ഏറാമല ഗ്രാമപഞ്ചായത്തിന്റെയും പദ്ധതി വിഹിതം ശേഖരിക്കാൻ ഉദ്ദേശിക്കുന്നു. 4 ഗ്രാമപഞ്ചായത്തിൽ നിന്ന് 45,90,000/- രൂപയും ബ്ലോക്ക് വിഹിതം 10,00,000/- രൂപയും നൽകാനാണ് ഉദ്ദേശിക്കുന്നത്. വൃദ്ധരുടെ ക്ഷേമത്തിനായി മാറ്റി വയ്ക്കേണ്ട പദ്ധതി വിഹിതത്തിന്റെ 5% തുകയിൽ നിന്നാണ് ഇത് കണ്ടെത്താൻ ലക്ഷ്യമിടുന്നത്. മുകളിൽ പറഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങൾ തുക

നൽകാമെന്നറിയിച്ചിട്ടുണ്ട്. ഈ തുക സൊസൈറ്റിയുടെ 'മടിത്തട്ട്' എന്ന സ്ഥാപനത്തിന് കൈമാറാൻ അനുമതി സംബന്ധിച്ച്.

ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം ഗ്രാമവികസന കമ്മീഷണർ നൽകി.

**തീരുമാനം:-** ഈ പദ്ധതിയിലെ സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ടവ സി.ഡി.പി.ഒ.യും ആരോഗ്യ മേഖലയിലെ ഘടകങ്ങൾ മെഡിക്കൽ ഓഫീസറും നിർവഹണം നടത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. മറ്റു പ്രവൃത്തികൾ ഉണ്ട് എങ്കിൽ അതതു മേഖലയിലെ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**ഖണ്ഡിക 4.36**

**വളവന്നൂർ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.02.2019-ലെ കത്ത് (SRG 231/19 CC 748/19)**

***പ്രോ.നം. 190/19 അടങ്കൽ 1,92,461/- രൂപ (വികസനഫണ്ട്)***

***പേര് - പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ***

2017-18-ലെ ഈ പ്രോജക്ട് 2018-19-ൽ സ്പിൽ ഓവറായി ( കാറ്റഗറി 2) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിൽ ടെണ്ടർ മുഖേന രണ്ടു മേശയും 464 കസേരകളും വാങ്ങാനാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ SIDCO മുഖേന ടെണ്ടർ കൂടാതെ താഴെപ്പറയുന്ന പ്രവൃത്തിയാണ് നടത്തിയത്.

1) ജിപ്സംസീലിംഗ്
2) പ്ലൈവുഡ് ഡോർ
3) വെർട്ടിക്കൽ ബ്ലൈൻഡ് കർട്ടൻ
4) ട്രോഫി ഷോക്കേസ്

ഇതിന്റെ ബിൽ തുകയായ 1,92,461/- രൂപ SIDCO യ്ക്ക് നൽകാൻ അനുമതി സംബന്ധിച്ച് .

കാറ്റഗറി 2 സ്പിൽ ഓവർ പ്രോജക്ട് ഭേദഗതി ചെയ്യുകയോ ഉപേക്ഷിച്ച് പുതിയ പ്രോജക്ട് എടുക്കുകയോ ചെയ്യുന്നതിന് തടസ്സമില്ല എന്നിരിക്കെ പ്രോജക്ടിൽ പറയാത്ത പ്രവൃത്തി നടത്തിയത് ഗുരുതരമായ വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ഇത് പരിശോധിച്ച് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറും റിപ്പോർട്ട് നൽകി.

**തീരുമാനം:-**

1) മുകളിൽ പറഞ്ഞ പ്രവൃത്തിയുടെ മൂല്യ നിർണ്ണയം ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തി അതിന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു
2) പ്രോജക്ട് നിർവഹണ നടപടി ക്രമത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെ കർശനമായി താക്കീതു ചെയ്യാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**ഖണ്ഡിക 4.41**

**മുട്ടാർ ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2019-ലെ കത്തും മുട്ടാർ ഗ്രാമപഞ്ചാത്ത് ഭരണസമിതിയുടെ 28.01.2019-ലെ 2-ാം നമ്പർ തീരുമാനവും (SRG 147/19 - CC 123/19)**

പ്രളയകാലത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് (നോൺറോഡ്) 5,39,500/- രൂപ ചെലവഴിച്ചു. ഇതിന് സാധൂകരണം സംബന്ധിച്ച്. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

പഞ്ചായത്തിലെ തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായപ്പോൾ മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ്) ൽ ഉൾപ്പെടുത്തി 5,39,500/- രൂപ അടങ്കൽ തുകയായി വകയിരുത്തുകയും 4,80,200/- രൂപ ചെലവ് വരികയും ചെയ്തതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

**തീരുമാനം:-** റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 4,80,200/- രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**ഖണ്ഡിക 4.43**

**കിളിമാനൂർ ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2019-ലെ കത്ത് (SRG 151/19 - CC 740/18)**

***പ്രോ.നം. 12/19*** ***അടങ്കൽ 4,90,000/-രൂപ (CFC)***

***പേര് - തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി***

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് 2018-19 ആദ്യം 3.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും ടെണ്ടർ നടപടി പൂർത്തിയാക്കി നിർവഹണം ആരംഭിക്കുകയും ചെയ്തു. ഈ തുക പര്യാപ്തമല്ലാതെ വന്നതിനാൽ പ്രോജക്ട് ഭേദഗതി ചെയ്ത് അടങ്കൽ 4.90 ലക്ഷം രൂപയാക്കി. എന്നാൽ പുതിയതായി ടെണ്ടർ ചെയ്യാതെ ഈ തുകയുടെ പ്രവൃത്തി പഴയ ടെണ്ടർ എടുത്ത ആളെക്കൊണ്ട് പൂർത്തിയാക്കി. ഇതിന് സാധൂകരണം നൽകി തുക നൽകാൻ അനുമതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകി.

**തീരുമാനം :-** തുക നൽകാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തതനുസരിച്ച് സാധൂകരണം നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**ഖണ്ഡിക 4.45**

**കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2019-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.12.2018-ലെ കത്തും**

***പ്രോ.നം. 64/19*** ***അടങ്കൽ 6,00,000/-രൂപ***

***പേര് - കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രി സീതാലയം സ്ത്രീ സൗഹൃദ കേന്ദ്രം***

1) ജില്ലാ പഞ്ചായത്ത് ജില്ലാ ഹോമിയോ ആശുപത്രിയിൽ 2016-17, 2017-18 വർഷം നടപ്പാക്കിയ ''സീതാലയം'' പദ്ധതിയിൽ വാർഡൻ, ഓഫീസ് അറ്റൻറന്റ് , കുക്ക് കം ക്ലീനർ എന്നിവർക്ക് ഓണറേറിയവും സീതാലയത്തിൽ എത്തിച്ചേരുന്നവർക്ക് ഭക്ഷണവും നൽകി. ഇതിന്മേൽ ഓഡിറ്റ് കുറിപ്പ് എഴുതി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഓഡിറ്റ് കുറിപ്പിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കണം (27.02.2019-ലെ തീരുമാനം)

2) 2018-19 ലും ഈ പദ്ധതി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** സീതാലയത്തിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതനുസരിച്ച് 2018-19-ലും (Spill Over) തുടരുന്നതിന് അനുമതി നൽകുന്നു. പ്രോജക്ട് വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിക്കേണ്ടതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ഖണ്ഡിക 4.47**

**വിളക്കുടി ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2019-ലെ കത്തും വിളക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.01.2019-ലെ 1(8)-ാം നമ്പർ തീരുമാനവും (SRG 160/19 - CC 126/19)**

***പ്രോ.നം. 64/19*** ***അടങ്കൽ 1,50,000/-രൂപ***

***പേര് - പഠനമുറി***

പഞ്ചായത്തിൽ ഒരു പട്ടികവർഗ്ഗ കുടുംബമേയുള്ളൂ. TSP വിഹിതമായി 1,42,000/- രൂപയുണ്ട്. ഇതുപയോഗിച്ച് ഈ കുടുംബത്തിന് പഠനമുറി നിർമ്മിക്കാൻ പ്രോജക്ട് തയ്യാറാക്കി. മാനദണ്ഡ പ്രകാരം 800.ച.അടി വിസ്തീർണ്ണമുള്ള വീടിനോട് ചേർന്നാണ് പഠനമുറി പണിയാവുന്നത്. മുകളിൽ പറഞ്ഞ കുടുംബത്തിന്റെ വീടിന് 1500 അടി വിസ്തീർണ്ണമുണ്ട്. പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** അനുമതി നിരസിച്ചു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ**

## 3.പൊതു വിഷയങ്ങൾ

===============

**3.1** തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിലവിലെ ഭരണസമിതിക്ക് പദ്ധതി നിർവഹണത്തിന് ലഭിക്കുന്ന അവസാനത്തെ പൂർണ്ണ വർഷമാണ് 2019-20. 2019-20 മികവിന്റെ വർഷമാക്കണമെന്നും പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റു ഭരണ ചുമതലകളിലും ഇതു പ്രതിഫലിക്കണമെന്നുമാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി പിരിവ്, ISO

സർട്ടിഫിക്കേഷനടക്കമുള്ള മറ്റ ഭരണപരമായ കാര്യങ്ങൾ എന്നിവയിൽ ഇടപെടൽ നടത്തി നടപടികൾ അതത് വകുപ്പ മേധാവികൾ സ്വീകരിക്കേണ്ടതാണ്.

സംസ്ഥാന തലത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ) എല്ലാ മാസവും അതതു വകുപ്പകളുടെ പ്രവർത്തനം വിലയിരുത്തി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണം. ഇതു സംബന്ധിച്ച റിപ്പോർട്ട് വകുപ്പ മേധാവികൾ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**5) തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

**ജില്ലാതലത്തിൽ സ്വീകരിക്കേണ്ടവ**

പദ്ധതി നിർവഹണത്തിലെ കാര്യക്ഷമത ഉറപ്പാക്കാൻ പദ്ധതി അവലോകനം ജില്ലാ ആസൂത്രണസമിതി കൃത്യമായി നടത്തണം. അവലോകനം താഴെപ്പറയുന്ന രീതിയിൽ ചിട്ടപ്പെടുത്തണം.

(i) ഗ്രാമപഞ്ചായത്തുകളുടേയും ബ്ലോക്കു പഞ്ചായത്തുകളുടേയും പദ്ധതി അവലോകനം ബ്ലോക്കുതലത്തിൽ നടത്തണം

(ii) ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയുടെ അവലോകനം ജില്ലാതലത്തിൽ നടത്തണം.

ഈ രീതിയിൽ അവലോകനം ഈ വർഷം കുറഞ്ഞത് 3 പ്രാവശ്യമെങ്കിലും നടത്തണം. ആദ്യഘട്ട അവലോകനം ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെയുള്ള സമയത്ത് പൂർത്തിയാക്കണം. രണ്ടാം ഘട്ടം ഒക്ടോബർ 15 മുതൽ നവംബർ 15 വരെയും മൂന്നാം ഘട്ടം ഡിസംബർ 15 മുതൽ ജനുവരി 15 വരെയുമായി നടത്തണം. പദ്ധതി നിർവഹണ കലണ്ടർ പ്രകാരം നിർവഹണം കാര്യക്ഷമമാക്കുന്നതിനുള്ള ഒരുക്കങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. പദ്ധതി നിർവഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കാൻ അപ്പപ്പോൾ നടപടി സ്വീകരിക്കണം. സംസ്ഥാനതലത്തിൽ പരിഹരിക്കേണ്ട വിഷയങ്ങൾ ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകണം. ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങളിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർബന്ധമായും പങ്കെടുക്കണം. കഴിവതും അവലോകന യോഗങ്ങളിൽ ജില്ലാ കളക്ടർ പങ്കെടുക്കണം. സാധിക്കാത്ത സ്ഥലങ്ങളിൽ പ്രതിനിധിയെ ചുമതലപ്പെടുത്തണം. ഓരോ ബ്ലോക്ക്തല അവലോകനത്തിനും ജില്ലാ ആസൂത്രണസമിതി മെമ്പർമാർക്ക് ചുമതല വീതിച്ചു നൽകണം.

മുകളിൽ പറഞ്ഞ രീതിയിൽ അവലോകനം ജില്ലാ ആസൂത്രണസമിതി ചിട്ടപ്പെടുത്തണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ്, വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ**
**സംസ്ഥാന ആസൂത്രണ ബോർഡ്**

3.2 ശുചിത്വ മിഷൻ 2018-19-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നൽകിയിരുന്നു. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വിഹിതം ചെലവഴിച്ചു. എന്നാൽ ഈ തുക ട്രഷറിയിൽ നിന്നും മാറാത്തവരും, തുക മാറി സ്പെഷ്യൽ റ്റി.എസ്.ബി.യിൽ സൂക്ഷിച്ചിട്ടുള്ളവരും ഉണ്ട്. ഇങ്ങനെയുള്ള തുകയ്ക്ക് പദ്ധതികൾ എടുക്കാൻ കഴിയുമോ എന്നും അതിനായി തുക അനുവദിക്കുമോ എന്നും ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ മേഖലാ യോഗങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരാഞ്ഞിരുന്നു.

**തീരുമാനം :-** ഇപ്രകാരം തുക മാറി സ്പെഷ്യൽ റ്റി.എസ്.ബി.യിൽ സൂക്ഷിച്ചിരിക്കുന്ന എത്ര തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്, എത്ര തുകയുണ്ട് തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകണം. തുക മാറാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം തുക അനുവദിക്കുമ്പോൾ പ്രത്യേക പരിഗണന നൽകാൻ കഴിയുമോ എന്നതു സംബന്ധിച്ചും എക്സിക്യൂട്ടീവ് ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറകടർ, ശുചിത്വ മിഷൻ**

**3.3** 06.05.2013-ലെ സ.ഉ.(സാധാ) 1209/2013 /തസ്വഭവ നമ്പർ തീരുമാനപ്രകാരം Kerala Social Security Mission നുള്ള വിഹിതം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തുടർന്നുള്ള വർഷങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ തുക KSSM-ന് അടയ്ക്കുന്നുണ്ട്. ഇപ്രകാരം തുക അടയ്ക്കേണ്ടതില്ല എന്ന് കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുത്തെങ്കിലും ഉത്തരവ് നൽകിയിരുന്നില്ല. പഴയ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതിനാലാണ് തുക അടയ്ക്കുന്നത്. KSSM-ന് തുക അടയ്ക്കുന്ന രീതി ഇനി തുടരണമോ എന്ന് പരിശോധിക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ചേരാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**3.4** വകുപ്പു മേധാവികൾ തീരുമാനമെടുക്കേണ്ട വിഷയങ്ങൾ വകുപ്പുമേധാവികൾക്കു തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകണം. അത്തരം വിഷയങ്ങൾ വകുപ്പു മേധാവികൾ പ്രത്യേകമായി ആവശ്യപ്പെടാതെ ഇനി മുതൽ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയില്ല. കൂടാതെ ഇതിനകം നടപ്പാക്കിയ പ്രോജക്ടുകൾക്ക് സാധൂകരണം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിക്കുന്ന വിഷയങ്ങളിൽ മേലുദ്യോഗസ്ഥന്റെ/വകുപ്പു മേധാവികളുടെ റിപ്പോർട്ടു കൂടി ഉൾപ്പെടുത്തണം. ഇപ്രകാരം റിപ്പോർട്ട് ഇല്ലാത്തവ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയില്ല. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുക്കുന്നതിനു മുമ്പ് **മേലുദ്യോഗസ്ഥന്റെയോ വകുപ്പു മേധാവികളുടെയോ** റിപ്പോർട്ട് ആവശ്യമുള്ളവയാണെങ്കിൽ റിപ്പോർട്ട് സഹിതം നൽകേണ്ടതാണ്. ഇതില്ലാതെ നൽകുന്നവ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതല്ല.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.5** പദ്ധതി നിർവഹണം കാര്യക്ഷമവും സമയബന്ധിതവുമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന തീരുമാനമെടുത്തു.

(i) നിർവഹണ കലണ്ടർ കൃത്യമായി പാലിച്ച് കഴിവതും 70 ശതമാനമെങ്കിലും പദ്ധതിച്ചെലവ് ഡിസംബർ 31-നകം വരുത്തണം. ഈ ലക്ഷ്യം നേടുന്നതിന് ജൂൺ മാസം 30-ന് 15 ശതമാനവും സെപ്റ്റംബർ 30-ന് 45 ശതമാനവും പദ്ധതി ചെലവ് കൈവരിക്കണം.

(ii) പ്രവൃത്തികളുടെ പാർട്ട് ബിൽ, പ്രത്യേകിച്ച് നിർമ്മാണ പ്രവൃത്തികളുടെ, തയ്യാറാക്കി നൽകണം. എഞ്ചിനീയർമാരെ ഇക്കാര്യത്തിൽ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ സഹായം നൽകണം.

(iii) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി തുക നേരത്തേ നൽകുകയും പ്രോജക്ടുകൾ ഈ വർഷം തന്നെ പൂർത്തിയാക്കുകയും ചെയ്യണം

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

**3.6** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ ഏജൻസികളിൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ഓരോ തദ്ദേശഭരണ സ്ഥാപനം തിരിച്ച് തയ്യാറാക്കണം. ഇതിനായി ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടേയും സെക്രട്ടറിമാരുടേയും യോഗം വിളിച്ചു ചേർത്ത് ഇനി പൂർത്തിയാക്കാനുള്ള ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളുടെ എണ്ണം, തുക, ഡെപ്പോസിറ്റ് ചെയ്ത വർഷം , ഏജൻസിയുടെ പേര് എന്നീ വിശദാംശങ്ങൾ ശേഖരിക്കുകയും മുൻ വർഷങ്ങളിലെ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശിക്കുകയും വേണം . യോഗത്തിലേയ്ക്ക് KSEB, KWA, GWD തുടങ്ങിയ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരെയും വിളിക്കണം.

ജില്ല തിരിച്ച് ഇതിന്റെ വിശദാംശങ്ങൾ ജില്ലാ ആസൂത്രണസമിതിക്കു വേണ്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ ചീഫ് മുഖേന കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകണം.

തുടർന്ന് സർക്കാർ തലത്തിൽ മുകളിൽ പറഞ്ഞ ഏജൻസികളുടെ മേധാവികളുടെ യോഗം പ്രത്യേകമായി വിളിക്കുന്നതാണ്.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ചീഫ്, വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ**
**സംസ്ഥാന ആസൂത്രണ ബോർഡ്**
**3)ജില്ലാ കളക്ടർ**
**4) ജില്ലാ പ്ലാനിംഗ് ഓഫീസർ**

**3.7** അംഗനവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഓണറേറിയം നൽകാനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തും നഗരസഭകളും ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തണം. ആവശ്യമായ തുക എത്രയെന്ന് ബന്ധപ്പെട്ട ഐ.സി.ഡി.എസ്.

സൂപ്പർവൈസർമാരും സി.ഡി.പി.ഒ മാരും അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഇതിനകം വാർഷിക പദ്ധതി അന്തിമമാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിന് പ്രോജക്ട് തയ്യാറാക്കിയിട്ടില്ലെങ്കിൽ പദ്ധതി ഭേദഗതി സമയത്ത് ഇത് ഉൾപ്പെടുത്തണം.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**3.8** 2019-20-ലെ പരിഷ്കരിച്ച വാർഷിക പദ്ധതി സമർപ്പിക്കാനുള്ള അവസാന തീയതി 12.06.2019 ആയിരുന്നു. ഇത് 29.06.2019 ആയി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിന്റെ മറ്റു പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരം പൂർത്തിയാക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | വാർഷിക പദ്ധതി അന്തിമമാക്കി ഡി.പി.സിയ്ക്ക് സമർപ്പിക്കൽ | ജൂൺ 29 |
| 2 | വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം നൽകൽ | ജൂലൈ 2 |
| 3 | സാങ്കേതികാനുമതി വേണ്ടാത്ത സാധാരണ പ്രോജക്ടുകൾക്ക് അംഗീകാരം നേടൽ | ജൂലൈ 10 |
| 4 | എസ്റ്റിമേറ്റ് വേണ്ട പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി/അംഗീകാരം നേടൽ | ജൂലൈ 15 |
| 5 | ടെണ്ടറിംഗ് | ജൂലൈ 22 |
| 6 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തിയാക്കൽ (ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്ക് ലിസ്റ്റ് കൈമാറൽ ഉൾപ്പെടെ) | ജൂലൈ 22 |
| 7 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുക അടയ്ക്കൽ, മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്കു തുക കൈമാറൽ തുടങ്ങിയവ. | ആഗസ്റ്റ് 9 |

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.9** വനിതാ ശിശു വികസന പ്രോജക്ടുകൾ സാമൂഹ്യനീതി വകുപ്പാണ് നിർവഹണം നടത്തിയിരുന്നത്. എന്നാൽ വനിതാ ശിശു വികസനത്തിന് പ്രത്യേക വകുപ്പ് ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹ്യനീതിയുടേയും വനിതാ ശിശു വികസനത്തിന്റേയും പ്രോജക്ടുകൾ നിർവഹണം നടത്താനും വെറ്റിംഗ് നടത്താനുമുള്ള ചുമതല താഴെ പറയും പ്രകാരം നിശ്ചയിച്ചു. ഇതനുസരിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്തണം.

**തദ്ദേശഭരണസ്ഥാപനങ്ങളിലെ വനിതാ ശിശു വികസനം, സാമൂഹ്യ ക്ഷേമം എന്നീ മേഖലകളിലെ പ്രോജക്ട് നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ട് വെറ്റിംഗ് ഓഫീസർമാരും**

| ക്രമ നം | തദ്ദേശഭരണ സ്ഥാപനം | വനിതാ ശിശു വികസനം | | സാമൂഹ്യ നീതി | |
|---|---|---|---|---|---|
| | | നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിംഗ് ഓഫീസർ | നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിംഗ് ഓഫീസർ |
| 1 | ഗ്രാമപഞ്ചായത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | സി.ഡി.പി.ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | സി.ഡി.പി.ഒ |

| | | | | | |
|---|---|---|---|---|---|
| 2 | ബ്ലോക്ക് പഞ്ചായത്ത് | സി.ഡി.പി.ഒ | ജില്ലാ ഓഫീസർ വനിതാ ശിശു വികസനം | സി.ഡി.പി.ഒ | ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ് |
| 3 | ജില്ലാ പഞ്ചായത്ത് | ജില്ലാ ഓഫീസർ വനിതാ ശിശു വികസനം | ഡയറക്ടർ വനിതാ ശിശുവികസനം | ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ് | ഡയറക്ടർ സാമൂഹ്യനീതി വകുപ്പ് |
| 4.1 | മുനിസിപ്പാലിറ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ | സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ വനിതാ ശിശു വികസനം | ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ | സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ് |
| 5.1 | കോർപ്പറേഷൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ | സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ വനിതാ ശിശു വികസനം | ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ | സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ് |

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനം ഉണ്ടെങ്കിൽ, ക്ഷേമ സ്ഥാപനത്തിന്റെ സൂപ്രണ്ട്, നിർവഹണ ഉദ്യോഗസ്ഥനും ജില്ലാ സാമൂഹ്യനീതി ഓഫീസർ വെറ്റിംഗ് ഓഫീസറും ആകേണ്ടതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.10** ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ എഞ്ചിനീയർമാർക്ക് സ്വന്തമായി വാഹനം ഇല്ലെങ്കിൽ വാഹനം വാങ്ങാനും ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്കെടുക്കാനും 14.03.18 ലെ 690/18 തസ്വഭവ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകിയിരുന്നു. തനതുഫണ്ടിന്റെ ലഭ്യതക്കുറവുള്ള ഗ്രാമപഞ്ചായത്തുകളിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**3.11** പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് 1.00 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. മാർഗ്ഗരേഖപ്രകാരം തദ്ദേശഭരണസ്ഥാപങ്ങൾ നൽകുന്ന നിരക്ക് 75,000/-രൂപയണ്. ഇത് വകുപ്പിന്റെ നിരക്കായ 1.00 ലക്ഷം രൂപയായി ഏകീകരിക്കുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.12** തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ലാ കളക്ടർക്കു നൽകി റീക്ലപ്പ് ചെയ്ത് കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4. പ്രത്യേക വിഷയങ്ങൾ

====================

## 4.1 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2018 - ലെ കത്തും (CC/511/18 - SRG 1069/18) CC -യുടെ 31.12.2018-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.15) കൃഷി ഡയറക്ടറുടെ 29.03.2019-ലെ TH(2) 7610/19 -ാം നമ്പർ കത്തും ( LSGD-DB4/2019-LSGD)**

*പ്രോ.നം 362/18* *അടങ്കൽ 15,00,000/- രൂപ*

വടകര , കുറ്റ്യാടി, കടത്തനാട്, പേരാമ്പ്ര, കോഴിക്കോട് എന്നീ നാളികേര ഉത്പാദക കമ്പനികൾ മുഖേന തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകാനുള്ള നൂതന പദ്ധതിയായി ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അനുമതി നൽകിയില്ല. 31.12.2018 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഈ വിഷയം പരിഗണിച്ചുവെങ്കിലും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടു സഹിതം നൽകാൻ യോഗം നിർദ്ദേശിച്ചിരുന്നു. താഴെപ്പറയും പ്രകാരം കൃഷി ഡയറക്ടർ റിപ്പോർട്ട് നൽകി

മാതൃ വൃക്ഷത്തിന്റെ തെരഞ്ഞെടുക്കൽ, ശാസ്ത്രീയ വിത്തുകളുടെ സംഭരണം, ശാസ്ത്രീയ നഴ്സറി പരിപാലനം എന്നീ മൂന്നു ഘട്ടങ്ങളിലെ ഗുണമേന്മ പരിശോധന, മാനദണ്ഡങ്ങൾ പാലിച്ച് തൈകളുടെ തെരഞ്ഞെടുക്കൽ എന്നീ പ്രക്രിയകൾ സർക്കാർ പ്രസിദ്ധീകരിച്ച തെങ്ങിൻതൈ ഉല്പാദനത്തിനുള്ള നഴ്സറി മാനുവൽ പാലിച്ചായിരിക്കണം. വിതരണം ചെയ്യുന്ന തൈകൾ അനുയോജ്യമാണെന്ന് സാങ്കേതിക ഉദ്യോഗസ്ഥനോ നാളികേര വികസന ബോർഡോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. കൂടാതെ പ്രോജക്ടിന്റെ നടത്തിപ്പ് ജില്ലാ കൃഷി ഓഫീസറുടേയോ ഡെപ്യൂട്ടി ഡയറക്ടറുടെയോ മേൽനോട്ടത്തിലാകണം.

**തീരുമാനം:-** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറ്കടറുടെ മുകളിൽ പറഞ്ഞ നിർദ്ദേശം പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.2 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ധനസഹായം

**ബഹു കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 22.11.2018-ലെ HRMP നമ്പർ 1518/16-ാം നമ്പർ ഉത്തരവ് ( LSGD - DA1-184/16)**

ശ്രീ. എം. ജയമോഹൻ, രാധ ഹൗസ്, ജില്ലാ കോടതി വാർഡ്, ആലപ്പുഴ എന്ന ആളുടെ ഹർജിയിന്മേൽ ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവു പ്രകാരം 16.11.2013-ലെ 362/13/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക്

ധനസഹായം നൽകാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം:-** 16.11.2013-ലെ 362/13/തസ്വഭവ ഉത്തരവ് 14.02.2018-ലെ 22/18/തസ്വഭവ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷി വിഭാഗക്കാർക്ക് ധനസഹായം നൽകാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തുകൾ മാറ്റി വയ്ക്കുന്ന തുക മാർഗ്ഗരേഖ പ്രകാരം ധനസഹായത്തിന് തികയുന്നില്ല എന്ന് യോഗം നിരീക്ഷിച്ചു. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ കൂടി വിഹിതം ഗ്രാമ പഞ്ചായത്തിനു ലഭ്യമാക്കി സർക്കാർ മാർഗ്ഗരേഖ പ്രകാരം ധനസഹായം എല്ലാ ഗുണഭോക്താക്കൾക്കും നൽകേണ്ടതാണെന്ന് യോഗം വിലയിരുത്തി. നഗരസഭകൾ മതിയായ തുക അവർ തന്നെ കണ്ടെത്തണം. ഈ വിഷയത്തിന്മേൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച ചെയ്ത് അടിയന്തിര തീരുമാനമെടുക്കാൻ യോഗം തീരുമാനിച്ചു. ഇവ നിർബന്ധ പ്രോജക്ട് ആക്കുന്നതടക്കമുള്ള തീരുമാനങ്ങൾ ചർച്ചയ്ക്കുശേഷം തീരുമാനമെടുക്കുന്നതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.3 മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.05.2019-ലെ കത്തും മക്കരപ്പറമ്പ് പഞ്ചായത്ത് സെക്രട്ടറിയുടെ 13.05.2019-ലെ A6-481/18-ാം നമ്പർ കത്തും (CC-315/19- SRG -474/19)**

പഞ്ചായത്ത് ഓഫീസിനു സൗകര്യമില്ലാത്തതിനാൽ 20 സെന്റ് സ്ഥലം വാങ്ങി പുതിയ കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നു. ബഹു. T.A അഹമ്മദ് കബീർ MLA യുടെ ആസ്തി വികസന പദ്ധതിയിൽ 50.00 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്. തനതുഫണ്ടു കുറവാണ്. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 1,83,90,000/- രൂപ ഈ വർഷം ലഭിച്ചു. പ്രളയത്തിനുശേഷം മിക്ക റോഡുകളുടേയും അറ്റകുറ്റപ്പണി നടത്തി. ഇനിയും 1.00 കോടി രൂപ മാത്രമേ ഇതിന് ആവശ്യമുള്ളൂ. അതിനാൽ ശേഷിക്കുന്ന 83,90,000/- രൂപ പഞ്ചായത്ത് ഓഫീസിനു സ്ഥലം വാങ്ങാനും കെട്ടിടം പണിയാനും അനുമതി സംബന്ധിച്ച്.

**തീരുമാനം** :- MLA ആസ്തി വികസന ഫണ്ടു കൂടി ലഭിക്കുന്നു എന്നതിനാൽ പ്രത്യേക അനുമതി താഴെപ്പറയുന്ന നിബന്ധനയ്ക്കു വിധേയമായി നൽകുന്നു.

റോഡ് പ്രവൃത്തികൾക്ക് ഈ വർഷം മെയിന്റനൻസ് ആവശ്യമില്ലെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണം. തനത് ഫണ്ട് ലഭ്യമല്ലെന്ന് പഞ്ചായത്ത് സെക്രട്ടറിയും സാക്ഷ്യപ്പെടുത്തണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.4 പുറക്കാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2019-ലെ കത്തും പുറക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.02.2019-ലെ 1(8)-ാം നമ്പർ ഭരണസമിതി തീരുമാനവും (CC-315/19- SRG -474/19)**

പഞ്ചായത്തിൽ 11-ാം വാർഡിൽ രണ്ടു വാടക കെട്ടിടങ്ങളിലായി ഐ.റ്റി.ഐ.യും വർക്ക്ഷോപ്പും പ്രവർത്തിക്കുന്നുണ്ട്. വർക്ക്ഷോപ്പിന് 5500/- രൂപയും ഐ.റ്റി.ഐ ക്ക് 10011/- രൂപയുമാണ് വാടക. മാർച്ച് 2013 വരെ വർക്ക് ഷോപ്പിന്റെ വാടകയും ജനുവരി 2015 വരെ ഐ.റ്റി.ഐ കെട്ടിടത്തിന്റെ വാടകയും നൽകി. തുടർന്നുള്ള വാടക നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- തനത് ഫണ്ട് ഉപയോഗിച്ച് വാടക നൽകാൻ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്**

## 4.5 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.03.2019-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2019-ലെ D-270/17-ാം നമ്പർ കത്തും (CC -229/19 - SRG 308/19)**

ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ പദ്ധതിക്കനുവദിച്ചതിൽ 64,15,934/- രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ ഉണ്ട്. ഈ തുക ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- 64,15,938/- രൂപയിൽ ത്രിതല പഞ്ചായത്ത് നൽകിയ വിഹിതം മാത്രം ഉപയോഗിക്കാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.6 അമരമ്പലം ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.05.2019 -ലെ കത്തും (CC -302/19 - SRG 475/19)**

ലൈഫ് ഗുണഭോക്താവായ ശ്രീമതി.ഷൈലജ വിതനശ്ശേരി എന്ന ആൾക്ക് ആദ്യ ഗഡുവായി 40,000/- രൂപ നൽകി. എന്നാൽ ഇവരുടെ ഭർത്താവിന്റെ പേരിൽ രണ്ട് നാലുചക്ര വാഹനം ഉണ്ട് എന്ന കാരണത്താൽ തുക തിരിച്ചടയ്ക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ നോട്ടീസ് നൽകി. ഭർത്താവ് കിഡ്നി രോഗിയാണ്. ഇവരുടെ ഉപജീവനത്തിനായി ചായപ്പൊടി വിതരണത്തിന് ചികിത്സാ സഹായ കമ്മിറ്റി വാങ്ങി നൽകിയതാണ് ഒരു വാഹനം. ഒരു വാഹനം വിറ്റതാണെന്നും ഉടമസ്ഥത

സംബന്ധിച്ച് RCബുക്കിൽ മാറ്റാത്തതാണെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തുടർന്നുള്ള ഗഡുക്കൾ നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- മുകളിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.7 പീരുമേട് ഗ്രാമപഞ്ചായത്ത്**

**പീരുമേട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.02.2019-ലെ കത്ത് (LSGD - DB3/24/2019)**

***പ്രോ.നം 39/19*** ***അടങ്കൽ 20,47,000/- രൂപ***
***(വികസനഫണ്ട് - 9,97,000/- രൂപ***
***തനത്ഫണ്ട് - 10,50,000/- രൂപ)***

പഞ്ചായത്തിൽ മാലിന്യം നീക്കാനുള്ള ടിപ്പർ ലോറി കാലപ്പഴക്കത്താൽ ഉപയോഗിക്കാൻ കഴിയില്ല. ഇതു Uneconomic ആണെന്നും കണ്ടമ്നേഷൻ നടത്തണണമെന്നും പി,ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെട്ടുത്തിയിട്ടുണ്ട്. ഇതിനു പകരമായി ടിപ്പർ ലോറി വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.8 പഴയന്നൂർ ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.06.2019-ലെ കത്ത് (CC 347/19 SRG 509/19)**

***പ്രോ.നം 17/19*** ***അടങ്കൽ 26,00,000/- രൂപ (തനത് ഫണ്ട്)***
***പേര് - പഴയന്നൂർ ടൗണിൽ CCTV ക്യാമറ സ്ഥാപിക്കൽ***

മാലിന്യ പ്രശ്നം ഒഴിവാക്കുന്നതിനും സ്ത്രീ സുരക്ഷയ്ക്കുമായി പഴയന്നൂർ ടൗണിൽ 17 CC Tv ക്യാമറ സ്ഥാപിക്കാൻ കഴിഞ്ഞ വർഷം പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ പ്രോജക്ടിന്റെ തുക 12.5 ശതമാനം സെന്റേജോടു കൂടി PWD ഇലക്ട്രോണിക് വിഭാഗത്തിനു ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- 2019-20 അന്തിമ പദ്ധതിയിൽ ഈ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ സെന്റേജ് തുക (ശതമാനം) വകുപ്പിന്റെ നിരക്കു തന്നെ ആയിരിക്കണമെന്ന നിബന്ധനയോടെ നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.9 തൃത്താല ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.05.2019-ലെ കത്തും തൃത്താല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.02.2019 -ലെ കത്തും ( CC 186/19 - SRG 477/19)**

***പ്രോ.നം 12/18*** ***അടങ്കൽ 6,34,300/- രൂപ***
***(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് - 3,04,300/-***
***തനത് ഫണ്ട് - 3,30,000)***

2017-18-ൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് 4,84,300/- രൂപ വകയിരുത്തി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചു. ജില്ലാ ആസൂത്രണസമിതി അംഗീകാരത്തോടെ 1,50,000/- രൂപ കൂടി അധികമായി ചെലവഴിച്ചു. ഇതിനു ടെണ്ടർ നടപടി പാലിച്ചില്ല. ഈ തുക കൂടി കരാറുകാരന് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** :- നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. ആവശ്യം നിരസിച്ചു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.10 പട്ടികവർഗ്ഗ വികസന വകുപ്പ്

**പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടറുടെ 5.06.2019 – ലെ Pm3-14382/18-ാം നമ്പർ കത്തു പ്രകാരമുള്ള പരിഗണനാ വിഷയങ്ങൾ**

(i) ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനനിർമ്മാണ ധനസഹായത്തിനായി സർവ്വേയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെയാണ് പരിഗണിക്കുന്നത്. അത്തരത്തിൽ 6025 പട്ടികവർഗ്ഗഗുണഭോക്താക്കൾ സർവ്വേയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാമമാത്രമായിട്ടാണ് പട്ടികവർഗ്ഗക്കാർക്ക് വീടനുവദിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വേയിൽ ഉൾപ്പെട്ട അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും വീട് അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. കൂടാതെ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ പട്ടികവർഗ്ഗത്തിൽപ്പെടാത്തവരും നിലവിൽ വീട് ഉള്ളവരും ഉണ്ട്. ഇതു പരിഹരിക്കണം. ഈ വിഷയങ്ങൾ സംബന്ധിച്ച്

**തീരുമാനം** :- ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പട്ടികവർഗ്ഗ ഡയറക്ടറുമായി ചർച്ച ചെയ്ത് മുകളിൽ പറഞ്ഞവ പരിഹരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**3) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**

(ii) ലൈഫ് മിഷൻ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന വീടുകളുടെ വിവരങ്ങൾ (നിർമ്മാണ ഘട്ടം, അനുവദിക്കുന്ന തുക) സംബന്ധിച്ച് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ഫീൽഡ്തല ഉദ്യോഗസ്ഥരായ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർക്ക് ലഭ്യമാകാത്ത സാഹചര്യമുണ്ട്. ആയതിനാൽ മേൽപറഞ്ഞ പ്രകാരമുള്ള വിവരങ്ങൾ ഗഡുക്കൾ അനുവദിക്കുന്ന മുറയ്ക്ക് ടി ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കണം എന്നതു സംബന്ധിച്ച്

**തീരുമാനം** :- തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശിക്കുന്നു

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

(iii) പട്ടികവർഗ്ഗക്കാർക്കായി അനുവദിക്കുന്ന വീടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരായ പ്രോജക്ട്

ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ഫീൽഡ്തല ഉദ്യോഗസ്ഥരായ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരെ നിയോഗിക്കണം.

**തീരുമാനം:-** ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ് വീടുകൾ നിർമ്മിച്ചുനൽകുന്നത്. ഈ തലങ്ങളിൽ പട്ടികവർഗ്ഗവികസന വകുപ്പിന്റെ ഉദ്യോഗസ്ഥന്മാർ ഇല്ല. അതിനാൽ ആവശ്യം അംഗീകരിച്ചില്ല. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ പ്രോജക്ട് നടത്തിപ്പ് കൃത്യമായി മോണിറ്റർ ചെയ്യണം.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**

(iv) ഒരു റേഷൻ കാർഡിന് ഒരു വീടെന്ന മാനദണ്ഡ പ്രകാരം എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ലൈഫ് മിഷന്റെ 4-ാം ഉപസമിതിയോഗത്തിൽ പട്ടികവർഗ്ഗക്കാർക്ക് ഒരു റേഷൻകാർഡിന് ഒരു വീടെന്ന മാനദണ്ഡം ഒഴിവാക്കി ഊരുക്കൂട്ടം തെരഞ്ഞെടുക്കുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും വീടനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിരുന്നു. ടി തീരുമാനം സർക്കാർ ഉത്തരവായി ഇറക്കണം

**തീരുമാനം** :- ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇതിന്മേൽ തുടർ നടപടി സ്വീകരിക്കണം

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

(v) പട്ടികവർഗ്ഗക്കാരായ യുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയിൽ വൈദഗ്ധ്യം നേടുന്നതിനുള്ള പരിശീലനവും ആയതിനാവശ്യമായ പണിയായുധങ്ങളും ലഭ്യമാക്കുന്നതിനായി ''ഗോത്രജീവിക'' എന്ന പദ്ധതി വിഭാവനം ചെയ്ത് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. അത്തരത്തിൽ പരിശീലനം പൂർത്തിയാക്കി പട്ടികവർഗ്ഗ മേഖയിൽതന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് പരിശീലനം നൽകിയിട്ടുള്ളത്. ടി പദ്ധതി പ്രകാരം പട്ടികവർഗ്ഗമേഖലയിലെ 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിഗ് തുടങ്ങിയ ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വം ആരംഭിക്കുന്നതിനായി 53 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനമൂലധനം നൽകുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന വീടുകൾ ഇത്തരത്തിൽ പരിശീലനം ലഭിച്ച യുവാക്കളുടെ സ്വയംസഹായ സംഘങ്ങൾ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. ഇതു പോലെ ലൈഫ് മിഷൻ മുഖേന അനുവദിക്കുന്ന വീടുകളുടെ നിർമ്മാണ ചുമതല ഗോത്രജീവിക പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിൽ പരിശീലനം ലഭിച്ച യുവാക്കളുടെ സ്വയം സഹായ സംഘങ്ങളെ ഏൽപ്പിക്കുന്നതിന് നടപടി വേണം.

**തീരുമാനം** :- ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പട്ടികവർഗ്ഗ വികസന ഡയറക്ടറുമായി ചർച്ച ചെയ്യണം. സ്വയം സഹായ സംഘങ്ങളുടെ കാര്യശേഷി സഹിതം

പരിശോധിച്ച് ഉചിതമായ നിർദ്ദേശം നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി വകുപ്പ്**
**2) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

(vi) നിർദ്ധനരായ പട്ടികവർഗ്ഗപെൺകുട്ടികളുടെ വിവാഹധനസഹായമായി വകുപ്പ് 1 ലക്ഷം രൂപ അനുവദിച്ചു വരുന്നു. എന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 75,000/- രൂപ മാത്രമാണ് നൽകുന്നത്. ഇത് ഏകീകരിക്കണമെന്ന് സംബന്ധിച്ച്.

**തീരുമാനം** –വകുപ്പിന്റെ നിരക്കുമായി ഏകീകരിക്കാൻ തീരുമാനിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.11 പുളിക്കൽ ഗ്രാമ പഞ്ചായത്ത്

**പുളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.02.2019-ലെ A1-354/19-ാം നമ്പർ കത്തും (ലഭിച്ചത് 11.06.2019) 23.04.2018-ലെ 10(1)--ാം നമ്പർ ഭരണസമിതി തീരുമാനവും ( E - 3564743/19/ MLSGD)**

***പ്രോ.നം. - 185/16*** ***അടങ്കൽ - 3,00,000/- രൂപ (CFC)***

***പേര്:- ചെവിട്ടാണിക്കുന്ന് മായക്കര അംഗനവാടി നവീകരണം***

2016-17-ൽ അംഗനവാടി നവീകരണത്തിന് 3.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി. തുടർന്നുള്ള വർഷം പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല. 2018 ജനുവരിയിൽ പ്രവൃത്തി പൂർത്തീകരിച്ചു. ബില്ലുമായി കരാറുകാരൻ എത്തിയപ്പോളാണ് അപാകത ശ്രദ്ധിച്ചത്. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :-

1) ഇതു പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.
2) സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയിൽ വിശദീകരണം ആരായാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

## 4.12 കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ ഡയറക്ടറുടെ 08.03.2019 -ലെ DIR/KSITM/ 19/03/323 - ാം നമ്പർ കത്ത് ( SRG 536/19)

പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന ലാപ് ടോപ്പുകളുടെ യൂണിറ്റ് നിരക്ക് (മിഡ് ലവൽ) 30,000/- രൂപ ആയിരുന്നു. CPR CS നിരക്ക് ഇതിനേക്കാൾ അധികമാണെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചതനുസരിച്ച് പരിശോധിച്ച് നിരക്ക് അറിയിക്കാൻ ഐ.ടി. മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. 05.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഐ.ടി. മിഷൻ ഡയറക്ടർ അറിയിച്ചതനുസരിച്ച് 38,000/- രൂപ ആയി നിശ്ചയിച്ചു. CPRCS നിരക്കു പ്രകാരം മിഡ് ലെവൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ് ടോപിന് 38,902/-

രൂപയാണെന്ന് ഐ.ടി. മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച്

**തീരുമാനം** :- മിഡ് ലവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപുകളുടെ നിരക്ക് 38,902/-രൂപയായി പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.13 ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.06.2019-ലെ LF2/511/18-ാം നമ്പർകത്ത്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന വിഹിതം അനുവദിച്ചിട്ടുണ്ട്. ഈ വിഹിതം ലൈഫ് പ്രോജക്ടുകളിൽ ഉൾപ്പെടുത്തുന്നതിന് സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമില്ല. ഇതുൾപ്പെടുത്തുന്നതിന് ക്രമീകരണം വരുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- വേണ്ട ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിക്കുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.14 ബുധനൂർ ഗ്രാമപഞ്ചായത്ത്

**ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.06.2019-ലെ BDHNR/GP/P-046/19-ാം നമ്പർ കത്തും 12.04.2019-ലെ 11(2)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

പഞ്ചായത്തിൽ വരൾച്ചാ സമയത്ത് 5000 ലിറ്റർ ടാങ്കിൽ 310 ലോഡ് കുടിവെള്ളം വിതരണം ചെയ്തു. ആകെ ചെലവ് 4,49,500/- രൂപ. തനത് ഫണ്ട് ഇല്ലായിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ ഉണ്ടായിരുന്നതിനാൽ വികസന ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാൻ കഴിഞ്ഞില്ല. അതിനാൽ ജി.ഒ പ്രോജക്ട് ഗണത്തിൽ ഉൾപ്പെടുത്തി ( 16.08.2018-ലെ G.O.( Rt) No. 2262/2018/LSGD)വികസന ഫണ്ട് ഉപയോഗിച്ച് തുക നൽകി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- സാധൂകരണം നൽകുന്നു

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.15 നാഷണൽ ഹെൽത്ത് മിഷൻ

**നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ 18.06.2019-ലെ കത്ത്**

2019-20 -ൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട് . ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ NHM മുഖേനയാണ് നടത്തുന്നത്. വിഭാവനം ചെയ്യുന്ന പ്രവൃത്തികൾക്കനുസരിച്ച് നിർമ്മാണം നടത്താൻ സർക്കാർ അനുവദിച്ച തുക തികയുന്നില്ല. ഈ സാഹചര്യത്തിൽ പലപ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം നൽകാൻ തയ്യാറാകുന്നുണ്ട്. ഇപ്രകാരം NHM ന് തുക കൈമാറാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- ഏതെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാണ് ഇപ്രകാരം കെട്ടിടം നിർമ്മിക്കുന്നത് എന്നതടക്കമുള്ള വിശദവിവരങ്ങൾ സഹിതം നൽകണം. ഇതു ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ഡയറക്ടർ , എൻ.എച്ച്.എം**

**4.16 കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 15.06.2018-ലെ B2-3443/18(P) നമ്പർ കത്ത്**

2018-19 -ൽ ബളാൽ രാജപുരം റോഡ് മെക്കാഡം ടാറിംഗ് എന്ന പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രോ.നം. 39/19 വെറ്റിംഗ് ഓഫീസർ ചില ഭേദഗതികൾ നിർദ്ദേശിച്ചതിനാൽ വെറ്റിംഗ് പൂർത്തിയായില്ല. അപാകതകൾ പരിഹരിച്ച് മാർച്ച്മാസം വെറ്റിംഗ് നടത്തിയില്ല. അതിനാൽ 2019-20 ലേയ്ക്ക് സുലേഖ സോഫ്റ്റ് വെയറിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ കഴിയുന്നില്ല. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം** :-
1) വെറ്റിംഗ് ഓഫീസറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച പരിശോധിച്ച് നടപടി എടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.
2) ഇത് പുതിയ പ്രോജക്ടായി എടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4.17 നിലമേൽ ഗ്രാമപഞ്ചായത്ത്**

**നിലമേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27-05-19-ലെ A2-1960/19-ാം നമ്പർ കത്ത്**

***പ്രോ.നം. 78/20*** ***അടങ്കൽ 18,80,000/- രൂപ***
***(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് )***

***പേര്:- പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം***

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നവീകരണത്തിനായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതത്തിൽ നിന്ന് 18,80,000/- രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- അനിവാര്യ ചുമതലകൾക്കുശേഷം തനത് ഫണ്ട് ലഭ്യമല്ല എന്ന് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.18 ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

**ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.01.2019-ലെ S4-3613/2018-ാം നമ്പർ കത്തും 23.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനവും (ഖണ്ഡിക 4.17) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 17.07.2018-ലെ M1-8634/18(1)-ാം നമ്പർ കത്തും (SRG -435/19 - LSGD-FM3/239/2018-LSGD)**

2013-14 വർഷം കോയിക്കൽ ചന്ത കുടിവെള്ള പദ്ധതി (69/14 - അടങ്കൽ 16,98,177/- രൂപ SCP വിഹിതം) എന്ന പ്രോജക്ട് ഡെപ്പോസിറ്റ് പ്രവൃത്തിയായി ഏറ്റെടുത്തിരുന്നു. നിർവഹണ പ്രദേശത്തിന്റെ പേരായ പനന്തറ കുടിവെള്ള പദ്ധതി എന്ന പേരിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായ സ്ഥലത്ത് നിർവഹണം നടത്തുന്നതിന് അനുമതി സംബന്ധിച്ച്

ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018-ലെ യോഗത്തിൽ പരിഗണിച്ചിരുന്നു. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. കോയിക്കൽ ചന്ത കുടിവെള്ള പദ്ധതി പ്രദേശത്തെ പനന്തറ കോളനി, മേലേ ചിറക്കുളം കോളനി, പൊയ്കയിൽ കോളനി എന്നീ കോളനികളിൽ മേലേ ചിറക്കുളം കോളനിയിലും പൊയ്കയിൽ കോളനിയിലും കുടിവെള്ള ടാപ്പ് നിലവിലുണ്ട്. അതിനാൽ പനന്തറ കോളനിയിൽ മാത്രം പദ്ധതി നടപ്പാക്കാൻ പുതിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതി സംബന്ധിച്ച് കേസുകൾ ഇല്ല എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പനന്തറ കോളനി കുടിവെള്ള പദ്ധതി നടപ്പാക്കാമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം** :- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ച പ്രദേശമായ പനന്തറ കോളനിയിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

(യോഗം ഉച്ചകഴിഞ്ഞ് 4.30-ന് അവസാനിച്ചു)

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
4 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5 ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
6 ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
7 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
10 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
11 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
12 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
13 മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്(പ്രതിനിധി)
14 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
15 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
16 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ